## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2036 18.06.2013 -ൽ മറുപടിക്ക്

### കെ . എസ് . ആർ . ടി . സി യുടെ ചെയിൻ സർവ്വീസ്

**ചോദ്യം**

ശ്രീ. പി. കെ. ഗുരുദാസൻ
" രാജു എബ്രഹാം
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ
" കെ. സുരേഷ് കുറുപ്പ്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെയിൻ സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി സ്വീകരിച്ചിട്ടുള്ള പൊതുമാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ; ഇതനുസരിച്ച് സംസ്ഥാനത്താകെ എത്ര സർവ്വീസുകളാണ് നടത്തുന്നത് ; | (എ) | സ്വകാര്യ ബസ് സർവ്വീസുകൾ കൂടുതലായി നടത്തുന്ന റൂട്ടുകളിലും സപ്ലിമെന്റേഷൻ സ്കീമിൽപ്പെട്ട നോട്ടിഫൈഡ് റൂട്ടുകളിലും കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ആവശ്യം ഉയർന്നു വരാറുണ്ട്. ഇത്തരം റൂട്ടുകളിൽ ഒറ്റപ്പെട്ട സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചാൽ സ്വകാര്യ സർവ്വീസുകൾക്ക് മേൽക്കൈ ഉള്ളതിനാൽ ലാഭകരമായി നടത്തുവാൻ കഴിയില്ലായെന്നാണ് അനുഭവത്തിൽ നിന്നും മനസ്സിലായിട്ടുള്ളത്. അത്തരം റൂട്ടുകളിൽ ചെറിയ ഗ്യാപ്പിൽ കെ.എസ്. ആർ.ടി.സി.യുടെ കൂടുതൽ എണ്ണം സർവ്വീസ് നടത്തി യാത്രക്കാർക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തുവാൻ കഴിയുന്നതാണ്. ഇതനുസരിച്ച് സംസ്ഥാനത്താകെ 217 റൂട്ടുകളിലായി 1195 ബസ്സുകൾ ഇപ്പോൾ ചെയിൻ സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) | ചെയിൻ സർവ്വീസുകളുടെ ലാഭ - നഷ്ടം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) | ചുവടെ കാണിച്ചിരിക്കുന്ന വരുമാനം ലഭ്യമായാൽ മാത്രമേ ചെയിൻ സർവ്വീസുകൾ ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിൽ നടത്തുവാൻ കഴിയൂയെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 1. സിറ്റി സർവ്വീസ് - ₹ 11500<br>2. സിറ്റി ഫാസ്റ്റ് - ₹ 12000<br>3. ഓർഡിനറി - ₹ 12700<br>4. LS ഓർഡിനറി - ₹ 13100<br>5. ടൗൺ ടു ടൗൺ - ₹ 14000<br>6. ഫാസ്റ്റ് പാസഞ്ചർ - ₹ 14700 |
| (സി) | ദിവസത്തിൽ പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ചെയിൻ സർവ്വീസുകൾ നിർത്തലാക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | അത്തരത്തിൽ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി പുനക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | വരുമാനം കണക്കാക്കുന്നതിനായി കെ.എസ്.ആർ.ടി.സി ഓപ്പറേഷൻ വിഭാഗത്തെയാണോ നിയോഗിക്കാറുള്ളത് ; എങ്കിൽ അതിന് വിരുദ്ധമായി പുനലൂർ - മുണ്ടക്കയം റൂട്ടിൽ നടത്തുന്ന ചെയിൻ സർവ്വീസുകളുടെ ലാഭ - നഷ്ടം കണക്കാക്കുന്നതിനായി മറ്റാരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; അതിനുള്ള കാരണം വിശദമാക്കുമോ ; | (ഡി) | സർവ്വീസുകളെ നിരീക്ഷിച്ച് ലഭ്യമാകുന്ന വരുമാനം തൃപ്തികരമല്ലെങ്കിൽ കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനക്രമീകരിക്കുന്ന പ്രവർത്തി ഓപ്പറേഷൻ വിഭാഗമാണ് നടത്തിവരുന്നത്. പുനലൂർ - മുണ്ടക്കയം റൂട്ടിൽ നടത്തുന്ന ചെയിൻ സർവ്വീസുകളുടെ ലാഭനഷ്ടം കണക്കാക്കുന്നതിന് മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല. |
| (ഇ) | പ്രസ്തുത സർവ്വീസുകൾ നഷ്ടത്തിലണെന്ന് വരുത്തി ഈ റൂട്ടുകൾ കയ്യടക്കാൻ സ്വകാര്യ ബസ് ഉടമകൾ നീക്കം നടത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (ഇ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. പക്ഷേ ഇക്കാര്യം പ്രത്യേകം അന്വേഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ